## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 784.

27.04.2017 -ലെ മറുപടിക്ക്.

### നിർമ്മാണത്തൊഴിലാളികൾക്കും, സാങ്കേതിക വിദഗ്ധർക്കും പരിശീലനം

ചോദ്യം

മറുപടി

ശ്രീ. എസ്. ശർമ്മ:

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിർമ്മാണത്തൊഴിലാളികൾക്കും, സാങ്കേതികവിദഗ്ധർക്കും പരിശീലനം നൽകുവാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) കേന്ദ്ര നിയമമായ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് പ്രകാരം ബിൽഡിംഗ് സെസ്സ് കളക്ഷന്റെ 20% തുക നൈപുണ്യ വികസനത്തിനായി നീക്കി വയ്ക്കേണ്ടതാണ്.<br>കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷന്റെ (IIIC) ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ , സൈറ്റ് മാനേജർ എന്നീ വ്യത്യസ്ഥ മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളുമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനിലൂടെ (IIIC) ലഭ്യമാക്കുന്നത്. ഐ.ടി.ഐ, സർട്ടിഫിക്കറ്റ്/ ഡിപ്ലോമ/എൻജിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുവാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനിലൂടെ (IIIC) സാധിക്കും. ബിൽഡിംഗ് കൺസ്ട്രക്ഷൻ അക്കാഡമി |

| | |
|---|---|
| | ഓഫ് സിംഗപ്പൂർ, നാഷണൽ കൺസ്ട്രക്ഷൻ കോളേജ് ഓഫ് യുണൈറ്റഡ് കിങ്ഡ്ഡം തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അതേ നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനിൽ (IIIC) ഒരുക്കുന്നത്. 1,92,000 ചതുരശ്രയടിയുള്ള അക്കാഡമിക് ബ്ലോക്ക് പണി പൂർത്തിയായി. 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന 35,600 ചതുരശ്രയടിയുള്ള ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിന്റെ 85%വും പൂർത്തിയായി കഴിഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായും മുന്നോട്ടുള്ള പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതിനുമായി, നിലവിലുള്ള വ്യവസ്ഥകൾ അംഗീകരിച്ച് കോഴ്സുകൾ നടത്തുവാൻ വ്യവസായ പങ്കാളികൾ ആരും തന്നെ മുന്നോട്ട് വരാത്തതിനാൽ ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരം കൺസ്ട്രക്ഷൻ മേഖലയിലുള്ള പ്രഗത്ഭർ, വ്യവസായ പ്രമുഖർ, സാമ്പത്തിക - നിയമ വിദഗ്ധർ എന്നിവരുൾപ്പെടുന്ന ഒരു സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശപ്രകാരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനിലൂടെ (IIIC))പരിശീലന പദ്ധതികൾ ഉടൻ ആരംഭിക്കുന്നതാണ്.<br>നിലവിൽ ബോർഡിന്റെ കീഴിലുള്ള ഐ.എ.ബി.റ്റി (IABT) എന്ന സ്ഥാപനം മുഖേന ഐ.ടി.ഐ പാസ്സായ 35 വയസ്സിനു താഴെയുള്ള നിർമ്മാണ തൊഴിലാളികൾക്കും, അംഗതൊഴിലാളികളുടെ മക്കൾക്കും കാർപെന്ററിയിൽ 6 ആഴ്ചത്തെ വിദഗ്ധ പരിശീലനത്തിനായി കർണ്ണാടകയിലെ ബാംഗ്ലൂരിലുള്ള അഡ്വാൻസ്ഡ് വുഡ് വർക്കിംഗ് സെന്റർ എന്ന കർണ്ണാടക സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിലേയ്ക്ക് സ്റ്റൈഫന്റോടുകൂടി അയച്ചുവരുന്നു. |
| (ബി) നിർമ്മാണ മേഖലയിലെ നൂതന യന്ത്രോപകരണങ്ങളിൽ വിദഗ്ധ പരിശീലനം നൽകുന്നതിനായി സർക്കാർ നിയന്ത്രണത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതിനകം പരിശീലനം നൽകി എന്ന് വ്യക്തമാക്കാമോ? | (ബി) അന്താരാഷ്ട്ര നിലവാരത്തിൽ കൺസ്ട്രക്ഷൻ മേഖലയിലെ വിവിധ ട്രേഡുകളിൽ കോഴ്സുകളും പരിശീലന പദ്ധതികളും നടപ്പിലാക്കുകയും ഉദ്യോഗാർത്ഥികളെ ലോകോത്തര നിലവാരത്തിലേക്കുയർത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് ഒരുക്കുന്ന സംരംഭമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC). |

| | |
|---|---|
| | നിർമ്മാണ മേഖലയിലെ നൂതന യന്ത്രോപകരണങ്ങളിൽ വിദഗ്ധ പരിശീലനം നൽകുന്ന പരിശീലന പദ്ധതികളും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷന്റെ (IIIC) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ